പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3400

22.08.2017-ൽ മറുപടിയ്ക്ക്

## കോതമംഗലം പോലീസ് സ്റ്റേഷനിലെ ലോക്കപ്പ് മർദ്ദനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | 2015 ഡിസംബർ 5-ാം തീയതി അമൽരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് കോതമംഗലം പോലീസ് സ്റ്റേഷനിൽ ലോക്കപ്പ് മർദ്ദനമേറ്റതുമായി ബന്ധപ്പെട്ട കേസ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ; | (ബി) | ടി കാര്യത്തിന് കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 80/16 u/s 326, 323, 324, 341,294(b), 506, 34 IPC & Sec.3(1), Viii, X of SC/ST Act പ്രകാരം 11.01.2016ാം തീയതി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ പരാതി ശരിയല്ലെന്ന് കണ്ട് ടി കേസ് ഫാൾസായി ബഹു. കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. |
| (സി) | ഈ കേസ് പുനരന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് അമൽരാജിന്റെ സഹോദരൻ അരുൺരാജ് നൽകിയ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ? | (ഡി) | ടി പരാതിയുടെ അടിസ്ഥാനത്തിൽ കേസ് വിശദമായി പരിശോധിക്കുന്നതിനായി മൂവാറ്റുപുഴ ഡി.വൈ.എസ്.പിയ്ക്ക് നൽകിയിട്ടുള്ളതും ആയത് പരിശോധിച്ചതിൽ പരാതി വാസ്തവ വിരുദ്ധമാണെന്ന് കണ്ട് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ